ശ്രീ. കെ. ഐ. വേലായുധൻ : അവിടെ നിന്നാണ് വാങ്ങുന്നത്.

ശ്രീ. വി. ശ്രീധരൻ : മുഴവനും അവിടെ നിന്നാണോ വാങ്ങുന്നത്?

ശ്രീ. കെ. ഐ. വേലായുധൻ : അതെ. കഴിഞ്ഞവർഷം മുഴവനും അവിടെ നിന്നാണ് എടുത്തത്.

ശ്രീ. വി. ശ്രീധരൻ : ശ്രീമൂലം കൈത്തറി സഹകരണസംഘത്തിൽ മുഴവനും കൈത്തറിത്തുണികളാണോ ഉള്ളത്?

ശ്രീ. കെ. ഐ. വേലായുധൻ : അവിടെ കൈത്തറിത്തുണികളാണ് ഉള്ളതെന്നാണ് ഗവണ്മെൻറ് ധരിച്ചിട്ടുള്ളത്.

ശ്രീ വി. ശ്രീധരൻ : അവിടെ നിന്നും ഗവണ്മെൻറിലേക്ക് ആവശ്യമുള്ള തുണി വാങ്ങിക്കുന്നതുകൊണ്ട് യഥാർത്ഥ കൈത്തറി നെയ്ത്തുകാർക്ക് ഇന്നം ലഭിക്കുന്നില്ലെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അതൊക്കെപ്പറ്റി ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

ശ്രീ. വി. ശ്രീധരൻ : യഥാർത്ഥത്തിലുള്ള കൈത്തറി തുണികൾ അല്ലാ അവർ സപ്ലൈ ചെയ്യുന്നതെന്നുള്ള വിവരം അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെയാണെങ്കിൽ അതിനെപ്പറ്റി അന്വേഷണം നടത്താം.

ശ്രീ. എൻ. പരമേശ്വരൻപിള്ള : ശ്രീമൂലം കൈത്തറി സൊസൈറ്റിയിൽ മിൽത്തുണികൾ കച്ചവടം ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ : അറിഞ്ഞുകൂടാ.

സെറ്റിൽമെൻറ് സ്കീം.

* 699. [9] ശ്രീ. സി. എ. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 'സെറ്റിൽമെൻറ് സ്കീം' അനുസരിച്ച് താമസസൌകര്യം ലഭിക്കുന്നതിലേയ്ക്കായി എത്ര അപേക്ഷകൾ ഇതിനകം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ട്;

(ബി) ഇതനുസരിച്ച് എത്രപേർക്ക് താമസസൌകര്യം നൽകി; എത്ര ഏക്കർ സ്ഥലം ഇതുമൂലം വിതരണം ചെയ്തു; എത്ര രൂപ ധനസഹായ ഇനത്തിൽ കൊടുത്തു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉദ്ദേശം പതിനായിരത്തിൽപരം അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(ബി) 621 പേർക്ക് ഇതിനകം താമസസൌകര്യം നൽകിയിട്ടുണ്ട്. 45 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്. ധനസഹായഇനത്തിൽ 1955 ഒക്ടോബർ അവസാനംവരെ 22,730 രൂപാ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു : എവിടെയെല്ലാമാണ് ഈ സ്ഥലങ്ങൾ നൽകിയിട്ടുള്ളത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വളരെ അധികം സ്ഥലങ്ങൾ ഉണ്ട്. അതൊരു വലിയ സ്റ്റേറ്റുമെൻറാണ്.

ശ്രീ. സി. എ. മാത്യു : സെറ്റിൽമെൻറ് സ്കീം അനുസരിച്ച് ആർക്കെങ്കിലും സ്ഥലം അകപയർ ചെയ്തു കൊടുക്കാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചിലപ്പോൾ അങ്ങനെയും കൊടുക്കാറുണ്ട്. പുറമ്പോക്ക സ്ഥലങ്ങൾ ഉണ്ടെങ്കിൽ അങ്ങനെ ചെയ്യും.

ശ്രീ. സി. എ. മാത്യു : പതിനായിരം അപേക്ഷകൾ വന്നിട്ട് ചുരുക്കം ചിലർക്ക മാത്രമെ കൊടുത്തിട്ടുള്ളു എന്നു പറഞ്ഞുവല്ലൊ. അതിനുള്ള കാരണം എന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഓരോരുത്തർക്കായി കൊടുത്തുവരികയാണ്. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപ് 1175 പേർക്കുകൂടി കൊടുക്കാൻ സാധിക്കുമെന്നാണ് തോന്നുന്നത്.

ശ്രീ. സി. എ. മാത്യു : ഇന്നു പുറമ്പോക്ക സ്ഥലങ്ങളിൽ താമസിച്ചു വരുന്നവർക്കതന്നെ ആ സ്ഥലങ്ങൾ പതിച്ചുകൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പുറമ്പോക്ക സ്ഥലങ്ങൾ റോഡുകളുടെ സംരക്ഷണത്തിനും മറ്റും ആവശ്യമുള്ളതാണ്. അങ്ങനെയുള്ള സ്ഥലങ്ങളിൽ കൈയ്യേറി താമസിക്കുന്നവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഈ സ്കീം അനുസരിച്ചു കൊടുക്കുന്ന സ്ഥലത്തിന്റെ പരമാവധി എത്രയാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പട്ടണങ്ങളിൽ അഞ്ചുസെൻറ സ്ഥലവും, ഉൾനാടുകളിൽ അഞ്ചുമുതൽ അൻപതു വരെ സെൻറ സ്ഥലവും.

ശ്രീ. സി. സി. അയ്യപ്പൻ : തലപ്പുള്ളി താലൂക്കിൽ ഈ സ്കീം അനുവദിച്ചിട്ട് രണ്ടു കൊല്ലമായിട്ടും നടപ്പിൽ വരുത്താത്തത് എന്തുകൊണ്ടാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവിടെ ഇതു സംബന്ധമായി സർവ്വെ നടത്തിക്കൊണ്ടിരിക്കുകയാണ്. അതു കഴിഞ്ഞാലുടനെ കൊടുക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. സി. സി. അയ്യപ്പൻ : രണ്ടു കൊല്ലമായി സർവ്വെ നടത്തുകയാണൊ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വൃക്ഷങ്ങൾ വെട്ടിമുറിച്ചു കഴിഞ്ഞു. സർവ്വെ നടത്തുന്നതിലേക്കുള്ള സ്റ്റാഫ് കുറവാണ്. അതുകൊണ്ടാണ് ഇത്ര താമസം.

ശ്രീ. വി. വി. സെബാസ്റ്റ്യൻ : എത്ര പഞ്ചായത്തുകൾക്ക് ഈ പദ്ധതിയുടെ ഫണ്ടം ലഭിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : പല പഞ്ചായത്തുകൾക്കും കിട്ടിയിട്ടുണ്ട്.

ശ്രീ. വി. വി. സെബാസ്റ്റ്യൻ : എല്ലാ പഞ്ചായത്തുകളിലും ഉള്ള സാധുക്കൾക്ക് ഈ പദ്ധതിയുടെ ഗുണം സിദ്ധിക്കുന്നതിന് ശ്രമിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാ പഞ്ചായത്തുകളിലും ഉള്ള ആളുകൾക്ക് ഉടനടി ഗുണം കിട്ടാൻ അത്ര എളുപ്പമല്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു് : ഹൌസിംഗ് സ്കീം അനുസരിച്ചു് വീടു കെട്ടുന്നതിന് എന്തെല്ലാം സഹായം ചെയ്യും.

ശ്രീ. കെ. കൊച്ചുകുട്ടൻ : സെറ്റിൽമെന്റ് സ്കീം അനുസരിച്ചു് ഉപകരണങ്ങളും വീടുകെട്ടാൻ ചെലവിലേക്ക് 50 രൂപയും കൊടുക്കും.

ശ്രീ. സി. കൊച്ചുകുഞ്ഞു് : എന്തെല്ലാം ഉപകരണങ്ങൾ കൊടുക്കും ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഓല, മുള, കുട്ടിള, കതക് മുതലായ സാധനങ്ങൾ.

ശ്രീ. ടി. ഒ. ബാവ : വളരെക്കാലമായി പുറമ്പോക്ക് സ്ഥലങ്ങളിൽ താമസിച്ചുവരുന്ന വീടും സ്ഥലവും ഇല്ലാത്ത ആളുകളെ ഈ സ്കീം അനുസരിച്ചു മാറാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ മാറാൻ നിർദ്ദേശം കൊടുത്തിട്ടില്ല.

ശ്രീ. ടി. ഒ. ബാവ : കുന്നത്തുനാട് താലൂക്കിൽ പത്തു നൂറുപേരെ മാറിക്കൊടുക്കാനായി കല്പന കൊടുത്തിട്ടുള്ളതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതു് സ്റ്റേ ചെയ്യാൻ ഓർഡർ കൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തീർച്ചയായും ആലോചിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : നെടുമങ്ങാട് താലൂക്കിൽ മരുതാമല കോളനിയിൽ കൃഷിചെയ്തു താമസിച്ചുവരുന്ന മുന്നൂറിൽ അൻപതോളം പേരെ ഈ സ്കീമിൽ നിർബന്ധിച്ചു് ഉൾപ്പെടുത്തിയിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ : ഈ ഉപകരണങ്ങൾ കൊടുക്കുന്നതു നേരിട്ടാണോ, ഏജൻസികൾ വഴിയാണോ ?

ശ്രീ കെ. കൊച്ചുകുട്ടൻ : കൺട്രാക്റ്റർമാർ വഴിയാണു്.

ശ്രീ. പി. കെ. യശോധരൻ : സെറ്റിൽമെന്റ് സ്കീം അനുസരിച്ചു് മത്സ്യത്തൊഴിലാളികൾക്കു പ്രത്യേക പരിഗണനയുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരിഗണന എല്ലാവർക്കും തുല്യമായിട്ടുള്ളതു്.

ശ്രീ. പി. കെ. യശോധരൻ : അവർ ഒരു പ്രത്യേക വിഭാഗം എന്നുള്ള നിലയിൽ കൂടുതൽ അർഹതയുള്ളവരല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ ഒരു പ്രത്യേക പരിഗണന ആർക്കും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കുഞ്ഞൻ നാടാർ : വിളവംകോട്ട താലൂക്കിൽ വലിയ വിള എന്ന സ്ഥലത്തുള്ള പുറംപോക്കിൽ താമസിച്ചുവന്ന ഏതാനും കുടുംബക്കാരെ അവിടെനിന്നും ഇറക്കിവിടുന്നതിനു നടപടികൾ നടത്തുന്നതായിട്ട് അറിയാമോ ?

മി. സ്പീക്കർ : ചോദ്യോത്തരവേളയിൽ, ഗവണ്മെൻറിന്റെ പക്കലുള്ള വിവരങ്ങൾ ശേഖരിക്കണമെന്നല്ലാതെ ഗവണ്മെൻറിനു വിവരങ്ങൾ നൽകാൻ ശ്രമിക്കുന്നതു് ശരിയല്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : സെറ്റിൽമെൻറ് സ്കീം അനുസരിച്ചു പുറമ്പോക്കു സ്ഥലങ്ങളിൽ താമസിച്ചുവരുന്നവരെ ഇറക്കിവിടുന്നതു് ഗവണ്മെൻറിന്റെ പോളിസി അല്ലാ എന്നു പറഞ്ഞു. അതേസമയംതന്നെ ഇവരെ ഇറക്കിവിടാനുള്ള നടപടി നടത്തുകയും ചെയ്യുന്നതുകൊണ്ടാണു് ചോദിച്ചതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലം വിമുക്തഭടന്മാർക്കു വേണ്ടി അനുവദിച്ചുകൊടുത്തിട്ടുള്ളതാണു് അവിടെ അനധികൃതമായി കൈയ്യേറി താമസിച്ചുവരുന്നവരെ ഇറക്കിവിടുവാൻ നടപടി നടത്തിയിട്ടുണ്ടു്. അതിൽ യാതൊരു തെറ്റും ഇല്ല.

ശ്രീ. സ്. സി. അയ്യപ്പൻ : സാമഗ്രികൾ വിതരണം ചെയ്യുന്നതു് കൺട്രാക്ടർ മുഖേനയാണെന്നു പറഞ്ഞു. അവ നേരിട്ടു കൊടുക്കുമോ സൊസൈറ്റികൾ മുഖേന കൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കൺട്രാക്ടർമാർ നേരിട്ടുകൊടുക്കും.

ശ്രീ. കെ. പി. ഹോർമിസ് : പെരുമ്പാവൂർ നിന്നും ആരെയെങ്കിലും കുടിയിറക്കിയിട്ടുള്ളതായി അറിയാമോ ?

മി. സ്പീക്കർ : ഓരോരോ സ്ഥലങ്ങളിലെയും കാര്യങ്ങൾ അറിയാൻ പ്രത്യേകം പ്രത്യേകം ചോദ്യങ്ങൾ അയക്കേണ്ടതാണു്.

SHRI K. P. HORMIS : The Minister has stated that no eviction will be allowed. So I asked this question.

മി. സ്പീക്കർ : അതു ഗവണ്മെൻറിന്റെ ഒരു പോളിസിയാണെന്നു പറഞ്ഞു. അതിനവിരുദ്ധമായി നടന്നാൽ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ മതി.

ശ്രീ. കെ. എം. ജോർജ്ജ് : താമസിക്കാൻ സ്ഥലമില്ലാതെ റോഡുകളിൽ താമസിക്കുന്നവർക്കു സെറ്റിൽമെൻറ് സ്കീം അനുസരിച്ചു താമസസൗകര്യം നൽകാൻ മുൻഗണന നൽകുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : റോഡുകളിൽ താമസിപ്പിക്കാതെ അവർക്കു താമസസൗകര്യം കൊടുക്കുന്നകാര്യം ആലോചിച്ചു വേണ്ടതു ചെയ്യുവുന്നതാണു്.

ശ്രീ. ടി. പി. സീതാരാമൻ : ഈ സ്കീം സംബന്ധിച്ചുദ്യോഗസ്ഥൻ ആരാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനൈസേഷൻ ഡയറക്ടർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. സീതാരാമൻ : ആദ്യമായി ഈ സ്കീം അനുസരിച്ചു കൂടുതൽ സ്ഥലങ്ങൾക്കു പിന്നീട് വല്ല വ്യതിയാനവും വരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ വരുത്തിയിട്ടുള്ളതായി അറിവില്ല.

മദ്യനിരോധനം.

* 700. [10] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958 ഏപ്രിൽ ഒന്നിനു മുൻപ് ഇൻഡ്യ ഒട്ടാകെ മദ്യനിരോധനം ഏർപ്പെടുത്തണമെന്നു മദ്യനിരോധനാന്വേഷണക്കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) അതനുസരിച്ച് ഈ സംസ്ഥാനത്തും ഈ വർഷം മദ്യനിരോധനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുവോ ;

(സി) അങ്ങനെ വ്യാപിപ്പിക്കുമ്പോൾ പത്തനംതിട്ട താലൂക്കിന്റെ കാര്യം പരിഗണിക്കുകയും ഈ വർഷം അവിടെക്കൂടി മദ്യനിരോധനം ഏർപ്പെടുത്തുകയും ചെയ്യുമോ ?

ശ്രീ. എൻ. ജി. ചാക്കോ : (സി)-യുടെ ഉത്തരം കിട്ടിയാൽ മതി.

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം): (സി) കൂടുതലായി മദ്യനിരോധനം വ്യാപിപ്പിക്കുന്ന കാര്യം ആലോചിക്കുമ്പോൾ പത്തനംതിട്ട താലൂക്കിന്റെ കാര്യം പരിഗണിക്കാം.

ശ്രീ. എൻ. ജി. ചാക്കോ : മദ്യനിരോധനം അടുത്തവർഷം മുതൽ എവിടെയെങ്കിലും വ്യാപിപ്പിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : അതിനെപ്പറ്റി തീരുമാനിച്ചിട്ടില്ല.

ഓറിയന്റൽ മെഡിക്കൽ വ്യവസ്ഥ.

* 701. [11] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലിരിക്കുന്ന ഓണറി മെഡിക്കൽ വ്യവസ്ഥ നിർത്തൽ ചെയ്യുവാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം :) അടുത്ത കൊല്ലത്തേക്ക് ഓണറി മെഡിക്കൽ വ്യവസ്ഥ നിർത്തൽ ചെയ്യുന്നതായി വിചാരിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : സംസ്ഥാനത്തുള്ള മറ്റു പ്രധാന ആഴ്ചപത്രികകളിൽ കൂടി ഈ വ്യവസ്ഥ ഏർപ്പെടുത്താൻ ആലോചിക്കുമോ ?

ശ്രീ. എ. എ. റഹിം : ഈ വ്യവസ്ഥ കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കണമെന്ന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly